**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1498** **19-01-2021 - ൽ മറുപടിയ്ക്ക്**

**കൃഷിവകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . കെ. യു. അരുണൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | പ്രളയകാലത്തുണ്ടായ നാശനഷ്ടങ്ങൾ പരിഹരിച്ച് കൃഷിരീതി ശാസ്ത്രീയമാക്കി കർഷകർക്ക് വരുമാനം ഉറപ്പുവരുത്താൻ കൃഷിവകുപ്പ് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്; | (എ) | പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷിഭൂമിതന്നെ നഷ്ടമാകുന്ന സ്ഥിതിയുമുണ്ടായി. കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷിവകുപ്പ് നടത്തിയത്. ജില്ലകളിൽ 'പുനർജ്ജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുന:സൃഷ്ടിയ്ക്കായി, അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ നടപ്പിലാക്കി. മഹാപ്രളയത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്തു. ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷി ഭൂമി നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം നൽകി. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തിരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. പുനർജ്ജനി പരിപാടിയിലൂടെ നടത്തിയ സമഗ്രമായ ശ്രമങ്ങളിലൂടെ ശക്തമായ തിരിച്ചുവരവ് നടത്തുകയും മൊത്തം 2 ലക്ഷം ഹെക്ടർ നെൽകൃഷി നടത്തുകയും ചെയ്തു. ആയതിലൂടെ 6 ലക്ഷത്തിലധികം മെട്രിക് ടൺ നെല്ല് ഉൽപാദിപ്പിക്കുവാൻ സാധിച്ചു. കർഷകർക്ക് കൃഷി ചെയ്യുന്നതിന് സഹായമായി വിത്തുകളും, പച്ചക്കറി തൈകളും മറ്റ് നടീൽ വസ്തുക്കളും സൗജന്യമായി നൽകി. കൃഷിയിടങ്ങളിൽ മണ്ണ് പരിപോഷണത്തിന്റെ ഭാഗമായി കുമ്മായം പോലുള്ള വസ്തുക്കൾ ചേർക്കുന്നതിന് കർഷർക്ക് സഹായം നൽകി. കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിനും പ്രളയത്തെ തുടർന്ന് മേഖലയുടെ |

കാർഷിക പുനർനിർമ്മാണത്തിനായി കൃഷി വകുപ്പിന്റെ നിലവിലുള്ള ഭരണപരമായ അതിർത്തികൾക്കും ചട്ടക്കൂടുകൾക്കും മാറ്റം വരുത്താതെയും തദ്ദേശ സ്ഥാപനങ്ങളുടെ കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ നിലവിലുള്ള രീതികളും സംവിധാനങ്ങളും അതേപടി തുടർന്നുകൊണ്ടും തദ്ദേശ സ്ഥാപനങ്ങളും കൃഷിവകുപ്പും തമ്മിലുള്ള ഏകോപനം ദൃഢമാക്കിക്കൊണ്ടും സർക്കാർ ആരംഭിച്ച നടപടികളുടെ ഭാഗമായാണ് 25-5-2019 തീയതിയിലെ സർക്കാർ ഉത്തരവ് ന.66/2019/കൃഷി പ്രകാരം കാർഷിക മേഖലയെ 5 കാർഷിക പാരിസ്ഥിതിക മേഖലകളായി വിഭജിച്ചിട്ടുള്ളത്. കൂടാതെ കേരളം സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2015-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ സോണുകളെ മണ്ണ്, കാലാവസ്ഥ, ഭൂപ്രകൃതി, കൃഷി സമ്പ്രദായം മുതലായവ അടിസ്ഥാനമാക്കി 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി വിഭജിച്ചിട്ടുണ്ട്. ഓരോ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ വിളകൾക്കാണ് അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ആയതു കൊണ്ട് ആ വിളയുടെ പരമാവധി ഉല്പാദനം ആ പ്രദേശത്തു നിന്നും ലഭിക്കുന്നതിനും ഉല്പാദനക്ഷമത വർധിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു. കർഷകർക്ക് കാർഷിക പാരിസ്ഥിതിക യൂണിറ്റുകളെ സംബന്ധിച്ചും അവയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയ കൃഷി മുറകൾ നടപ്പിലാകുന്നതിനെക്കുറിച്ചും ബോധവത്കരണം നൽകുന്നതിനായി കൃഷിഭവനുകളുടെ കീഴിൽ 'കൃഷി പാഠശാല''എന്ന പേരിൽ പ്രത്യേക പരിശീലന പരിപാടികൾ നടപ്പ സാമ്പത്തിക വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്. 'സുഭിക്ഷ കേരളം' ക്യാമ്പയിനിൽ ഭാഗഭാക്കായി കർഷകർക്ക് ആവശ്യമായ സാങ്കേതിക വിജ്ഞാനം നൽകുന്നതിനായി ബ്ലോക്ക് തലത്തിൽ കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൃഷിവകുപ്പ് ഉദ്യോഗസ്ഥർക്കുപുറമെ, കാർഷിക സർവകലാശാല, കേന്ദ്ര കാർഷിക ഗവേഷണ കേന്ദ്രങ്ങൾ എന്നിവയിലെ ശാസ്ത്രജ്ഞരും ജനപ്രതിനിധികളും ഇതിൽ പങ്കെടുക്കുന്നു. കർഷകരുടെ കൃഷിയിട സന്ദർശനം, പ്രദർശന തോട്ടം സ്ഥാപിക്കൽ എന്നിവ ഇതിന്റെ ഭാഗമായി നടത്തുന്നു. ഇതിനു പുറമെ പ്രകൃതി ദുരന്തങ്ങൾ മൂലം നാശനഷ്ടം നേരിട്ട ആസ്തികൾ, ഭാവിയിൽ ഉണ്ടാകാനിടയുള്ള ദുരന്തങ്ങളെ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യയിലൂന്നി

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി പുനർനിർമ്മിക്കുന്നതിനു 'റീബിൽഡ് കേരള ഇനിഷ്യറ്റീവ് ' എന്ന പദ്ധതി സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്നു. കോവിഡ് മഹാമാരി മൂലം ഭക്ഷ്യ ഉല്പാദനമേഖലയിൽ സ്വയംപര്യാപ്തതയുടെ ആവശ്യകത പൊതുവെ ബോധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലക്ഷ്യത്തിനായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ 'സുഭിക്ഷ കേരളം' ക്യാമ്പയിൻ കാർഷിക മേഖലയിൽ പുത്തൻ ഉണർവാണ് ഉണ്ടാക്കിയിരിക്കുന്നത്. 19555 ഹെക്ടർ തരിശു ഭൂമിയിൽ മാത്രം ഇതിന്റെ ഭാഗമായി പുതുതായി കൃഷിയിറക്കുകയുണ്ടായി. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഇതിൽ പങ്കാളികളായി. |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങളെകുറിച്ച് വിശദാമാക്കാമോ; | (ബി) | ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു: കോൾ ഡവലപ്മെന്റ് ഏജൻസിയുടെ നേതൃത്വത്തിൽ തോടുകൾ ആഴം കൂട്ടി കളകൾ നീക്കം ചെയ്ത് നീരൊഴുക്ക് വർദ്ധിപ്പിക്കുക. ഇരിങ്ങാലക്കുടയിൽ കെ.എൽ.ഡി.സി തോട് ആഴം കൂട്ടൽ നടപ്പിലാക്കുന്നുണ്ട്. ബണ്ട് റിപ്പയറിങ് - പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുത്തി ബണ്ടുകൾ ബലപ്പെടുത്തുന്നതാണ്. മുരിയാട്, പൊറിത്തിശ്ശേരി കൃഷിഭവനുകളിൽ ആകെ 90093/- രൂപയുടെ ആനുകൂല്യത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. കാട്ടൂർ കൃഷിഭവനിൽ പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുത്തി സിൽറ്റ് റിമൂവൽ നടത്തിയതിന് 95000/- രൂപ നൽകുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ ഡബിൾ കോളിൽ ഉൾപ്പെടുത്തി കാട്ടൂർ കൃഷിഭവൻ പരിധിയിലെ ബണ്ടുകൾ ബലപ്പെടുത്തുന്നതിന് 438000/- രൂപ ആനുകൂല്യം നൽകുന്നുണ്ട്. പമ്പ് സെറ്റ് റിപ്പയറിങ് - 152282/- രൂപയുടെ പമ്പ് സെറ്റ് റിപ്പയറിങ് പ്രവർത്തികൾ നടത്തിയിട്ടുണ്ട്. സുഭിക്ഷ കേരളത്തിൽ ഉൾപ്പെടുത്തി ജൈവഗൃഹം പദ്ധതി നടപ്പിലാക്കി. നടീൽ വസ്തുക്കളായ തെങ്ങിൻതൈകൾ, ജാതി തൈകൾ, കുരുമുളക് വള്ളികൾ ഫലവൃക്ഷതൈകൾ, പച്ചക്കറിത്തൈകൾ, വിത്തുകൾ തുടങ്ങിയവ വിതരണം നടത്തി. പാടശേഖരങ്ങളിൽ സുഗമമായ രീതിയിൽ കൃഷി നടപ്പിലാക്കുന്നതിന് വേണ്ടി തോടുകൾ വൃത്തിയാക്കൽ, സ്ലൂയിസ്സ് നിർമ്മാണം, മോട്ടോർ സ്ഥാപിക്കൽ തുടങ്ങിയവ നടന്നു വരുന്നു. പ്രളയാന്തര പ്രവർത്തനങ്ങളുടെ ഭാഗമായി ഇനിയൊരു പ്രളയത്തിനെ നേരിടാവുന്ന രീതിയിൽ പാടശേഖരങ്ങളിലേയും പൊതുജലസംഭരണികളിലേയും ജലാഗമന നിർഗ്ഗമന |

| | | | |
|---|---|---|---|
| | | | സംവിധാനങ്ങൾ സമയബന്ധിതമായി ക്രമീകരികരിക്കുവാൻ ഏർപ്പാടാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികളിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി എത്ര രൂപയുടെ പ്രവർത്തികളാണ് നടന്നുവരുന്നത്; വിശദവിവരം ലഭ്യമാക്കാമോ? | (സി) | സംസ്ഥാനത്ത് റീബിൽഡ് കേരള ഇനിഷ്യറ്റീവ്- ന്റെ ഭാഗമായി 520.497 കോടി രൂപയുടെ പ്രൊജെക്ടുകൾക്കാണ് കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ്, അനുബന്ധ ഏജൻസികൾ എന്നിവ മുഖേന നടപ്പിലാക്കുവാനായി ഭരണാനുമതി നൽകിയിട്ടുള്ളത്. വെള്ളപ്പൊക്ക നിയന്ത്രണം, അടിസ്ഥാന സൗകര്യ വികസനം, സംയോജിത കൃഷി വികസനം, അഗ്രോ സർവീസ് സെന്റർ , കാർഷിക കർമ്മ സേന എന്നിവയുടെ ശാക്തീകരണം, വിവിധ പഠനങ്ങൾ മുതലായവ ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നു. കൃഷി വകുപ്പിന് പുറമെ, മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ്, കേരള കാർഷിക സർവകലാശാല, വി.എഫ്.പി.സികെ, ATMA (ആത്മ), സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, റൈഡ്കോ, സംസ്ഥാന വൈദ്യുത ബോർഡ് തുടങ്ങിയ വകുപ്പുകൾ/ ഏജൻസികൾ ഇതിൽ പങ്കാളികളാണ്. |

സെക്ഷൻ ഓഫീസർ